നം എൽ.എഫ്. പി.റ്റി.എ.പി.8/531 /2015 തിയ്യതി:29-06-2015

**പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.05.2014 മുതൽ 12.06.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.വി.കെ. ഷാജി
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15-06-2015 മുതൽ 22-06-2015 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.പി.ബി.നടരാജൻ (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സി.അനിൽകുമാർ (ഓഡിറ്റ് ഓഫീസർ)
ശ്രീ.എം.ഹരികുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.കെ.ആർ.മഹേഷ് കുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.എസ്. ദീപ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

**(ബി)നിർവ്വഹണാധികാരികൾ**

പ്രസിഡന്റ് : ശ്രീമതി അംബിക ഉണ്ണികൃഷ്ണൻ 01.04.13മുതൽ 19.11.13വരെ
ശ്രീ.എം.വി.വർഗ്ഗീസ്
(വൈസ് പ്രസിഡന്റ്-ചാർജ്ജ്) 20.11.13 മുതൽ 10.12.13വരെ
ശ്രീമതി സുഗതകുമാരി കെ. 11.12.13 മുതൽ 31.03.14വരെ

സെക്രട്ടറി : ശ്രീമതി എൻ.എ.ടെസീല 01.04.13മുതൽ 15.01.14വരെ
ശ്രീ.കെ.സനൽകുമാർ 16.01.14 മുതൽ 28.01.14വരെ
(അസി.സെക്രട്ടറി-അധിക ചുമതല)
ശ്രീ.രംഗനാഥ് വി. 29.01.14 മുതൽ 31.03.14വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി എൻ.എ.ടെസീല<br>ശ്രീ.കെ.സനൽകുമാർ<br>ശ്രീ. രംഗനാഥ് വി. | 01.04.13മുതൽ 15.01.14വരെ<br>16.01.14 മുതൽ 28.01.14വരെ<br>29.01.14 മുതൽ 31.03.14വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അനൂപ് രാജ് പി.ആർ | 01.04.13മുതൽ 31.03.14വരെ |
| കൃഷി ഓഫീസർ | ശ്രീമതി കസുമം തോമസ് | 01.04.13മുതൽ 31.03.14വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജിബി വർഗ്ഗീസ് | 01.04.13മുതൽ 31.03.14വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ആശ വി.സി. | 01.04.13മുതൽ 31.03.14വരെ |
| വെറ്റിനറി സർജൻ | ഡോ.എ.കണ്ണൻ | 01.04.13മുതൽ 31.03.14വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ആമിന ബീവി | 01.04.13മുതൽ 31.03.14വരെ |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി ഡി.രജിത | 01.04.13മുതൽ 31.03.14വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ലൈലാ ഫിലിപ്പ്<br>ശ്രീ.ആഷിഖ് കോയ തങ്ങൾ | 01.04.13മുതൽ 11.09.13വരെ 12.09.13മുതൽ 31.03.14വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2** | |
| 12 | വസ്തുനികുതി പിരിവ് ലക്ഷ്യം കാണുന്നില്ല | 2-1 |
| 13 | തൊഴിൽനികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-2 |
| 14 | ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം-നിക്ഷേപം രണ്ട് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു | 2-3 |
| | **ഭാഗം 3** | |
| 15 | പാലീയേറ്റീവ് പരിചരണം- ആവശ്യമുള്ള മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 3-1 |
| 16 | ഇ.എം എസ് ഭവന നിർമ്മാണ പദ്ധതിയിൽ 3 ഗുണഭോക്താക്കൾ വീട് പണി പൂർത്തികരിച്ചില്ല. | 3-2 |
| 17 | ആശാൻ ഗ്രാന്റ് - വർദ്ധിപ്പിച്ച തുക അനുവദിച്ചു നൽകിയില്ല | 3-3 |
| 18 | കുഴക്കിണർ നിർമ്മാണം - സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമാക്കിയില്ല | 3-4 |
| 19 | ആശ്രയ പദ്ധതിയിൽ ഗുരുതര വീഴ്ച. | 3-5 |
| 20 | ദേശീയ ഗ്രമീണ തൊഴിലുറപ്പു പദ്ധതി- റബ്ബറിന് തട്ട് തിരിക്കുന്ന പ്രവൃത്തിക്ക് അധിക തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തി അധിക നിരക്ക് അനുവദിച്ചു നൽകി | 3-6 |
| 21 | പങ്കാളിത്ത പെൻഷൻ -പെൻഷൻ വിഹിതം ഒടുക്കുന്നില്ല | 3-7 |
| | **ഭാഗം 4** | |
| 22 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 26 | ഓഡിറ്റ് റിക്കവറി | 4-5 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-6 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


**ഭാഗം–1**

**പൊതു അവലോകനം**

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27-03-2013 ലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയ തീയതി | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ്/ചെലവ് | | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് /ചെലവ് |
|---|---|---|---|---|---|
| 2013-14 | 27.03.2013 | -- | വരവ് | 7,19,50,000 | 4,62,58,853 |
| | | | ചെലവ് | 6,90,95,200 | 3,97,30,828 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്യുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2014 | 30-05-2014 | തിരിച്ചയച്ചില്ല | ബാധകമല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 16-07-2014 | എൽ.എഫ്.പി.റ്റി.എ.പി.പി1-456(17)/2014/ തീയതി: 25-09-2014 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 75,30,565 |
| വരവ് | 3,87,28,288 |
| **ആകെ** | **4,62,58,853** |
| ചെലവ് | 3,97,30,828 |
| നീക്കിയിരിപ്പ് | 65,28,025 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| **വികസനഫണ്ട്** പൊതുവിഭാഗം | 2,38,645 | 82,71,000 | 85,09,645 | 7822,176 | 6,87,469 | **91.92** |
| **വികസനഫണ്ട്** എസ്.സി.പി. | 14,60,000 | 29,24,000 | 43,84,000 | 43,84,000 | -- | **100** |
| **വികസനഫണ്ട്** ടി.എസ്.പി. | -- | 70,000 | 70,000 | 45,500 | 24,500 | **65** |
| സംരക്ഷണഗ്രാന്റ് റോഡ് | 1,657 | 23,86,000 | 23,87,657 | 23,84,046 | 3,611 | **99.85** |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7,18,394 | 18,73,000 | 25,91,394 | 17,06,356 | 8,85,038 | **65.85** |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,74,935 | 40,63,294 | 48,38,229 | 43,87,830 | 4,50,399 | **90.69** |
| പെർഫോമൻസ് ഗ്രാന്റ് | 3,08,540 | 21,63,000 | 24,71,540 | 24,64,724 | 6,816 | **99.72** |
| എം.എൻ.ആർ.ഇ.ജി.എസ്. | 1,77,912 | 23,30,438 | 25,08,350 | 24,58,682 | 49,668 | **97.90** |
| ബി ഫണ്ട് | -- | 55,61,354 | 55,61,354 | 55,61,354 | -- | **100** |

### 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 4,16,39,132 | 111 | 2,54,41,478 | ഇല്ല | 16 | 87.40 |

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും, കോട്ടങ്ങളും ചുവടെ ചേർക്കുന്നു.

- പദ്ധതി ആസൂത്രണം പൊതുവെ തൃപ്തികരമായിരുന്നു. വികസന ഫണ്ടിൽ, പൊതു വിഭാഗം, എസ്.സി.പി. എന്നിവയ്ക്ക് 90 ശതമാനത്തിനു മുകളിൽ ചെലവ് ഉണ്ടായിട്ടുണ്ട്. എസ്.സി.പി. ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി കാലയളവിന്റെ അവസാന മാസങ്ങളിൽ പദ്ധതിപ്പണം കൂടുതലായി ചെലവഴിക്കുന്ന പ്രവണത കാണുന്നുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും അഭാവമാണ് ഇത് കാണിക്കുന്നത്.
- കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം തീരെ അപര്യാപ്തമാണ്. പദ്ധതി അടങ്കലിന്റെ 0.50ശതമാനം മാത്രമാണ് കാർഷിക മേഖലയ്ക്ക് നീക്കിവെച്ചിട്ടുള്ളത്. തൻ വർഷം കാർഷിക മേഖലയുടെ ആകെ ചെലവ് 2,46,595/-രൂപ മാത്രമാണ്. കാർഷിക മേഖലയെ പുനരുജ്ജീവിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.
- പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങാൻ തുക നൽകുന്നുണ്ടെങ്കിലും അവശ്യ മരുന്നുകൾ ലഭിക്കുന്നത് വർഷങ്ങൾ കഴിഞ്ഞാണ്. അത് അടിയന്തിരമായി പരിഹരിക്കേണ്ട വിഷയമാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40.59ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 1727048 | 2046220 | 319172 | 18.48 |
| നികുതിയേതര വരവുകൾ | 34838 | 90271 | 55433 | 159.12 |
| മറ്റുവരവുകൾ | 131658 | 525683 | 394025 | 299.28 |
| ആകെ | 1893544 | 2662174 | 768630 | 40.59 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9,000 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 14,91,425 | 301 |
| വിധവാപെൻഷൻ | 20,28,020 | 227 |
| വാർദ്ധക്യകാലപെൻഷൻ | 4,30,233 | 114 |
| വികലാംഗപെൻഷൻ | 13,25,125 | 132 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരമായ സ്ത്രീകൾക്കുള്ള പെൻഷൻ | 50,717 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-06-2015 10 എ.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **16,391/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണ സംവിധാനം എഴുമറ്റൂർ പഞ്ചായത്തിൽ വളരെ മികച്ച നിലയിലാണ്. രജിസ്റ്ററുകളും രേഖകളും മികച്ച രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതി പരിഹരിക്കൽ എന്നിവയും കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-05-2015 to 25-05-2015 | 2014-15 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-3-2007 to 30-3-2007 | 2003-04 | 26-10-2007 |

<u>ഭാഗം-2</u>

<u>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വസ്തുനികുതി പിരിവ് ലക്ഷ്യം കാണുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗമായ വസ്തുനികുതി പിരിവ് ഒട്ടും കാര്യക്ഷമമല്ല. നികുതി പിരിവിലെ വീഴ്ചമൂലം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം വളരെ വലുതാണ്. 2013-14 വർഷം ഡിമാന്റ് ചെയ്ത നികുതിയുടെ 45ശതമാനം മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. നികുതിപിരിവിലെ ഈ അലംഭാവം വളരെയേറെ ഗൗരവം അർഹിക്കുന്നു. വസ്തുനികുതിയിനത്തിൽ പഞ്ചായത്തിനു ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക ഉൾപ്പെടെ ആകെ ഡിമാന്റ് | കുടിശ്ശിക ഉൾപ്പെടെ ആകെ കളക്ഷൻ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | പിരിവ് ശതമാനം |
|---|---|---|---|---|
| 2013-14 | 18,79,373 | 8,40,287 | 10,39,086 | 45 |

വർഷാവർഷം നികുതി പിരിവ് കുറഞ്ഞു വരികയാണ്. വസ്തു നികുതി ഇനത്തിലെ കുടിശ്ശിക 6,53,698/- രൂപയാണ്. ഇത്തരത്തിൽ ഉണ്ടായിട്ടുള്ള ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കാതിരുന്നാൽ തുക കാലഹരണപ്പെട്ടു പോകുവാനും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി തകരാറിലാകുവാനും ഇടയാക്കും. അതിനാൽ വസ്തുനികുതിപിരിവ് ഊർജിതപ്പെടുത്താൻ ഭരണസമിതിയും സെക്രട്ടറിയും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് ഊർജ്ജിതശ്രമങ്ങൾ നടത്തുന്നില്ല. 2013-14 സാമ്പത്തികവർഷം ഏതാനും സ്ഥാപനങ്ങളിൽ നിന്നും തികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി | സ്ഥാപന നികുതി | ആകെ |
|---|---|---|---|---|
| 1 | സർവ്വീസ് സഹകരണബാങ്ക്, തെള്ളിയൂർ | 2600 | 1250 | 3850 |
| 2 | മാവേലി സ്റ്റോർ, എഴുമറ്റൂർ | 1250 | 2500 | 3750 |
| | | | ആകെ | 7600 |

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന്(നം:6/15-16-6-15) തെള്ളിയൂർ സഹകരണബാങ്കിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും യഥാക്രമം 2600/-രൂപ(രസീത്നം:11502100584/18-6-15),1250/-രൂപ (നം:11502100583/18-6-15) വീതം ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. മാവേലിസ്റ്റോറിലെ ജീവനക്കാരനായ അനുരാജിന്റെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതിയായ1250/-രൂപയും രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപനനികുതിയായ 2500/- രൂപയും ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. സമയബന്ധിതമായും പൂർണ്ണമായും തൊഴിൽനികുതി പിരിച്ചെടുക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം-നിക്ഷേപംസംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം നിക്ഷേപിക്കുന്നത് ജില്ലാസഹകരണബാങ്ക് തടിയൂർ(A/C 10-105-01) , SBTതെള്ളിയൂർ (A/C 67291319425) എന്നീ രണ്ട് അക്കൗണ്ടുകളിലായാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ ഉത്തരവ്വ പ്രകാരം, ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം തനതു വരുമാനം നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി തനതു വരുമാനം രണ്ട് അക്കൗണ്ടുകളിലായി നിക്ഷേപിക്കുന്നത് ഒഴിവാക്കി ഒരു അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിമമ്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലീയേറ്റീവ് പരിചരണം- ആവശ്യമുള്ള മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല

2013-14 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലീയേറ്റീവ് പരിചരണം എന്ന പദ്ധതി (എസ് 0013/14) പ്രകാരം തിരുവനന്തപുരത്തുള്ള കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും ആശുപത്രി ഉപകരണങ്ങളും വാങ്ങുന്നതിനായി വിവിധ തീയതികളിൽ സ്ഥാപനത്തിന് തുക നൽകുകയുണ്ടായി. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. തുക നൽകി ഒരുവർഷത്തിന് ശേഷവും കോർപ്പറേഷൻ മരുന്നുകളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. പാലീയേറ്റീവ് പരിചരണ പദ്ധതി അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യത്തിൽ, പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് യഥാസമയം നൽകുന്നതിനും സാധിക്കുന്നില്ല. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.12/19-6-15). ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുമെന്നുള്ള മറുപടി ലഭ്യമാക്കുകയുണ്ടായി. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തീയതി | നൽകിയ തുക | ലഭ്യമാക്കിയ മരുന്നുകളുടെ വില | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ട്രഷറി ബിൽ നം. 07/13-14 | 10-3-14 | 60,000 | 55,174 | 4,826 |
| ട്രഷറി ബിൽ നം. 11/13-14 | 26-3-14 | 1,14,457 | ലഭ്യമാക്കിയിട്ടില്ല | 1,14,457 |
| ആകെ | | | | 1,19,283 |

മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,19,283/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

### 3-2 ഇ.എം എസ് ഭവന നിർമ്മാണ പദ്ധതിയിൽ 3 ഗുണഭോക്താക്കൾ വീട് പണി പൂർത്തികരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ഇ.എം എസ് ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളിൽ മൂന്നു പേർ വീട് പണി പൂർത്തികരിച്ചില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | കൈപ്പറ്റിയ തുക | ചെക്ക് നം/തീയതി | വീട് പണിയുടെ നിലവിലെ ഘട്ടം |
|---|---|---|---|---|
| 1 | C.Y ജോൺ,ചെറുവള്ളിപ്പാറ,താന്നിവേലിക്കുഴി,തെള്ളിയൂർ പി.ഒ. | 22500/-<br>30000/- | 10336/29.06.2010<br>10528/5.8.2010 | അടിസ്ഥാനം |
| 2 | ജനാർദ്ദന പണിക്കർ,ഉപ്പുമാങ്കൽ,ഇന്ദിരാ നിവാസ്,എഴുമറ്റൂർ പി.ഒ | 22500/- | 10602/30.09.2010 | അടിസ്ഥാനം |
| 3 | P.M സാലിക്കുട്ടി, വഞ്ചിപ്പാറ,തെള്ളിയൂർ പി.ഒ. | 22500/-<br>30000/-<br>15000/- | 10573/22.09.2010<br>10605/30.09.2010<br>10618/23.11.2010 | ഭിത്തി ഘട്ടം |

മേൽ ഗുണഭോക്താക്കൾ വീട് പണി പൂർത്തികരിക്കുന്നതിനോ അല്ലാത്ത പക്ഷം റവന്യൂ റിക്കവറി മുഖേന തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 3-3 ആശാൻ ഗ്രാന്റ് - വർദ്ധിപ്പിച്ച നിരക്ക് അനുവദിച്ച് നൽകിയില്ല

നിലത്തെഴുത്താശാന്മാർക്കും ആശാട്ടിമാർക്കുമിള്ള (കുടിപ്പള്ളിക്കൂടം) പ്രതിമാസ ഗ്രാന്റ് 150/- രൂപയിൽ നിന്നും 200/- രൂപയായി 09-06-2008ലെ സ.ഉ.(സാധാ) നം.1662/08/തസ്വഭവ പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു . എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്താതെ നിലവിലുണ്ടായിരുന്ന 150/- രൂപയാണ് തുടർന്നും ആശാട്ടിമാർക്ക് ഗ്രാമപഞ്ചായത്ത് നൽകിയിരുന്നത്. 15-12-2012ലെ സഉ. (സാധാ) നം.3481/2012/തസ്വഭവ ഉത്തരവ് പ്രകാരം പ്രതിമാസ ഗ്രാന്റ് 200/- രൂപയിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗ്രാന്റ് തുക 150/- രൂപയിൽ നിന്നും 500/- രൂപയായി നേരിട്ട് വർദ്ധിപ്പിച്ച് നൽകി. താഴെപ്പറയുന്ന മൂന്നു പേർക്കാണ് ആശാൻ ഗ്രാന്റ് നല്കി വരുന്നത്.

| ക്രമ നം. | പേര്, വീട്ടുപേര് |
|---|---|
| 1. | സുമതിക്കുട്ടിയമ്മ, തേവലക്കുളത്ത് വീട്ടിൽ |
| 2. | തങ്കമ്മ ജോൺ, പാറയ്ക്കൽ വീട് |
| 3. | മാധവി, വേങ്ങയിൽ പുത്തൻപുരയിൽ |

കാലാനുസൃതമായി സർക്കാർ നടപ്പാക്കിയ ഗ്രാന്റ് വർദ്ധനവ് ആശാട്ടിമാർക്ക് നൽകാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകോണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(05/2015/16-06-2015) ലഭ്യമാക്കിയ മറുപടിയിൽ, ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ലെന്നും 09/06/2008 മുതൽ 14/12/2012 വരെ വർദ്ധിപ്പിച്ച തുക അർഹതപ്പെട്ട മൂന്ന് ആശാട്ടിമാർക്കും കുടിശ്ശികയായി നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു . ഗ്രാമപഞ്ചായത്ത് കമ്മിറ്റി ആവശ്യമായ തീരുമാനം കൈക്കൊണ്ട് കുടിശ്ശിക വിതരണം ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3-4 കുഴക്കിണർ നിർമ്മാണം - സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂജല പര്യവേഷണം നടത്തുന്നതിന് വേണ്ടിയുള്ള സർവ്വെ ഫീസായി സൈറ്റ് ഒന്നിന് 1750/- രൂപ വച്ച് താഴെപ്പറയുന്ന മൂന്നു സൈറ്റുകൾക്കായി 5250/- രൂപ തനത് ഫണ്ടിൽ നിന്നും മാറി(ചെക്ക് നം. 2620231/20-03-2014) ഭൂജലവകുപ്പിന്റെ ശീർഷകത്തിൽ പത്തനംതിട്ട സബ്ട്രഷറിയിൽ ഒടുക്കുവരുത്തി ചെലാൻ ജില്ലാ ഭൂജലവകുപ്പ് വകുപ്പ് ആഫീസർക്ക് നൽകിയിട്ടുണ്ട്(ചെലാൻ നം.തീയതി: 81/25-03-2014)

| വാർഡ് നം. | സൈറ്റിന്റെ പേര് |
|---|---|
| 1. | പുളിക്കമറ്റം |
| 2. | ആലു നിൽക്കും പടി |
| 3. | മേത്താനം |

മേൽ വകുപ്പിൽ നിന്നും സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/2015/19-06-2015) ലഭ്യമാക്കിയ മറുപടിയിൽ സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് കിട്ടിയിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. റിപ്പോർട്ട് ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലനഴിച്ച 5250/- രൂപ തടസ്സപ്പെടുത്തുന്നു.

### 3-5 ആശ്രയ പദ്ധതിയിൽ ഗുരുതര വീഴ്ച

എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ തികഞ്ഞ നിഷ്ക്രിയത്വമാണ് CDS ചെയർ പേഴ്സൺന്റേയും ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. 2013-2014 ൽ ആശ്രയ അക്കൗണ്ടിൽ ലഭ്യമായ ഫണ്ടിന്റെ വെറും 1.75 % മാത്രമാണ് ആകെ ചെലവ് ഉണ്ടായിട്ടുള്ളത്. 10.82 ലക്ഷം രൂപ ആശ്രയ അക്കൗണ്ടിൽ ഉള്ളപ്പോൾ ആകെ ചെലവ് 19,000/- രൂപ മാത്രമാണ്. രണ്ട് വ്യക്തികൾക്ക് ഭക്ഷണ വിതരണത്തിലും പഠനോപകരണങ്ങൾ നൽകുന്നതിലേക്കുമായി മാത്രം 19,000/- രൂപ ചെലവ് വരുത്തി ആശ്രയ പദ്ധതി ഒതുങ്ങിയെന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 881904 | പ്ളാൻ ഫണ്ട് - 165000/- | ഭക്ഷണം - 14000/- | 1063778/- |

| | |
|---|---|
| പലിശ - 17846/- | പഠനോപകരണങ്ങൾ - 5000/- |
| പലിശ - 18038/- | |
| ആകെ - 200884/- | ആകെ - 19000/- |

ആശ്രയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 66 കുടുംബങ്ങൾ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട് എന്നു കണ്ടു.

ഇതിൽ താഴെ പറയുന്ന വിഭാഗക്കാർ ഉണ്ട്.

ഭൂമിയില്ലാത്തവർ - 12 കുടുംബങ്ങൾ

ഭവനമില്ലാത്തവർ - 27 കുടുംബങ്ങൾ

കുടിവെള്ളം - 14 കുടുംബങ്ങൾ

വൈദ്യുതി - 17 കുടുംബങ്ങൾ

ഉപജീവനം - 13 കുടുംബങ്ങൾ

ചികിത്സ - 27 കുടുംബങ്ങൾ

ഇത്രയും കുടുംബങ്ങൾ ആശ്രയ പദ്ധതിയുടെ പരിധിയിൽ വരുമ്പോഴാണ് ഗ്രാമ പഞ്ചായത്ത് ഇത്തരത്തിൽ തികഞ്ഞ നിസ്സംഗത പുലർത്തുന്നത്. സർക്കാറിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി- റബ്ബറിന് തട്ട് തിരിക്കുന്ന പ്രവൃത്തിക്ക് അധിക തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തി അധിക നിരക്ക് അനുവദിച്ച നൽകി

2013-14 വർഷം ദേശീയ ഗ്രമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കിയ നീർത്തട പദ്ധതിയുടെ ഭാഗമായി ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകരുടെ ഭൂമിയിൽ താഴെപ്പറയുന്ന വിവിധ ഇനം പ്രവൃത്തികളാണ് ചെയ്തിട്ടിള്ളത്.

1. കാടും കുറ്റിക്കാടുകളും വെട്ടി കൃഷി ഭൂമി വൃത്തിയാക്കൽ.
2. കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് കട്ടിയുള്ള മണ്ണ് നീക്കം ചെയ്ത് അനുവദനീയമായ ദൂരത്തിൽ നിക്ഷേപിക്കുക.
3. തെങ്ങിൻ തടം നിർമ്മിക്കുക.
4. റബ്ബറിന് തട്ട് തിരിക്കുന്നതിന് സാധാരണ മണ്ണ് കിളച്ചു മാറ്റി അനുവദനീയമായ ദൂരത്തിൽ നിക്ഷേപിക്കുക.
5. മഴക്കുഴി നിർമ്മിക്കുന്നതിനുട്ടിയുള്ള മണ്ണ് കിളച്ചു മാറ്റി അനുവദനീയമായ ദൂരത്തിൽ നിക്ഷേപിക്കുക.

സ്റ്റാന്റേർഡ് ഡേറ്റ ബുക്കിലെ ഇനങ്ങൾ അനുസരിച്ചുള്ള ഡേറ്റ പ്രകാരം തൻവർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളിക്ക് നൽകുന്ന ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. മേൽപ്പടി നാലാം ഇനം പ്രവൃത്തിക്ക് കണക്കാക്കിയ നിരക്കിൽ ഡേറ്റബുക്കിലെ 56-ാം ഇനത്തിലെ ഡേറ്റയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത നിരക്കിൽ റബ്ബറിന് തട്ട് തിരിക്കുന്നതിനായി സാധാരണ മണ്ണ് 10 ക്യുബിക്ക് മീറ്റർ കിളച്ചു മാറ്റുന്നത് അനുവദനീയമായ ദൂരത്തിൽ നിക്ഷേപിക്കുന്നതിനുള്ള നിരക്കു കൂടി ഉൾപ്പെട്ടിട്ടുണ്ട്. റബ്ബറിന് തട്ട് തിരിക്കുന്ന കാര്യത്തിൽ കിളക്കുന്ന മണ്ണ് പുറകോട്ട് വലിച്ചു മാറ്റുന്നതല്ലാതെ 50 മീറ്റർ ദൂരത്തിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നില്ല. ആയതിനാൽ പ്രസ്തുത നിരക്കിലെ ഡാറ്റായിൽ നിന്നും ലീഡും ലിഫ്റ്റിന്റെയും നിരക്ക് (2.1 സ്ത്രീ കൂലി) കുറവ് ചെയ്യേണ്ടതായിരുന്നു. അപ്രകാരം കുറവ് ചെയ്യാതെ നിരക്ക് നിശ്ചയിച്ചതു മൂലം അധിക തൊഴിൽ ദിനം ഉൾപ്പെടുത്തി പ്രവൃത്തി മൂല്യം വർദ്ധിക്കുന്നതിന് ഇടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുവദിച്ചു നൽകിയ നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|
| 0.9 പുരുഷൻ @180/E =162 | 0.9 പുരുഷൻ @180/E =162 |
| 2.75 ആൺകുട്ടി(2.0625 പുരുഷൻ) @180/E =371.25 | 2.75 ആൺകുട്ടി(2.0625 പുരുഷൻ) @180/E =371.25 |
| ആകെ =533.25 | ആകെ =533.25 |
| ക്ലിപ്തപ്പെടുത്തിയ നിരക്ക് =533/- | (-) 2.1 സ്ത്രീ കൂലി @ 180/E =378 |
| | ആകെ =155.25 |
| | ക്ലിപ്തപ്പെടുത്തിയ നിരക്ക് =155/- |

മേൽത്തരത്തിൽ അധിക നിരക്ക് ഉൾപ്പെടുത്തി തൻവർഷം 26 പ്രവൃത്തികളിലായി 3,37,753/- രൂപ അധികം ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്,പ്രവൃത്തിയുടെ നമ്പർ,അടങ്കൽ തുക,എം ബുക്ക് നമ്പർ | പ്രവൃത്തിയുടെഇനം, അളവ്, നിരക്ക്, പ്രതിഫലം | അനുവദനീയമായ അളവ്, നിരക്ക്, പ്രതിഫലം, | അധികചെലവഴിച്ച തുക | പ്രവൃത്തിമൂല്യ തുക/ആകെ ചെലവഴിച്ചതുക | തീയതി/ ചെക്ക് നമ്പർ |
|---|---|---|---|---|---|---|
| 1 | നീർത്തടവികസനപദ്ധതി 96000,1612002003/wc/57674,67 /13-14 | റബറിന് തട്ട് തിരിക്കൽ , 459.03m3,533/10m3,24466 | 459.03m3 @155/10m3=7114.96 | 17351 | 64440 | 30/01/2014 |
| 2 | നീർത്തടവികസനപദ്ധതി 106000,1612002003/wc/56220,65 /13-14 | റബറിന് തട്ട് തിരിക്കൽ , 540.01m3,533/10m3, 28782.53 | 540.01m3@155/10m3 =8370.15 | 20412 | 85860 | 30/01/2014 |

| | | | | | | |
|---|---|---|---|---|---|---|
| 3 | നീർത്തടവികസനപദ്ധതി 64000,1612002003/wc/54686,61 /13-14 | റബറിന് തട്ട് തിരിക്കൽ , 303.77m3,533/10m3, 16190 | 303.77m3@155/10m3=4708.43 | 11482 | 61380 | 30/01/2014 |
| 4 | നീർത്തടവികസനപദ്ധതി 45000,1612002003/wc/55031,53 /13-14 | റബറിന് തട്ട് തിരിക്കൽ , 286.89m3,533/10m3, 15291.24 | 286.89m3@155/10m3=4446.79 | 10844 | 43380 | 30/01/2014 |
| 5 | നീർത്തടവികസനപദ്ധതി 95000,1612002003/wc/57620,51 /13-14 | റബറിന് തട്ട് തിരിക്കൽ , 843.75m3,533/10m3, 44971.88 | 843.75m3@155/10m3=13078.12 | 31894 | 84780 | 30/01/2014 |
| 6 | നീർത്തടവികസനപദ്ധതി 77000,1612002003/wc/540591,51 /13-14 | റബറിന് തട്ട് തിരിക്കൽ , 270m3,533/10m3, 14391 | 270m3@155/10m3=4185 | 10206 | 63180 | 19/12/2013, Che no:913112 |
| 7 | നീർത്തടവികസനപദ്ധതി 110000,1612002003/wc/54043,56 /13-14 | റബറിന് തട്ട് തിരിക്കൽ , 602.45m3,533/10m3, 32111 | 602.45m3@155/10m3=9337.97 | 22783 | 92700 | 27/12/2013, Che no:913115 |
| 8 | നീർത്തടവികസനപദ്ധതി ,115000,1612002003/wc/54013,54 /13-14 | റബറിന് തട്ട് തിരിക്കൽ , 649.69m3,533/10m3, 34629 | 649.69m3@155/10m3=10070.19 | 24559 | 105300 | 19/12/2013, Che no:913113 |
| 9 | നീർത്തടവികസനപദ്ധതി 80000,1612002003/wc/54370,57 /13-14 | റബറിന് തട്ട് തിരിക്കൽ , 540m3,533/10m3, 28782 | 540m3@155/10m3=8370 | 20412 | 77760 | 26/12/2013, Che no:913118 |
| 10 | നീർത്തടവികസനപദ്ധതി, 46000/- 1612002003/wc/54259,54 /13-14 | റബറിന് തട്ട് തിരിക്കൽ , 297m3,533/10m3, 15830 | 297m3@155/10m3=4603.5 | 11227 | 43920 | 27/12/2013, Che no:913076 |
| 11 | നീർത്തടവികസനപദ്ധതി ,77000,1612002003/wc/51778,17 /13-14 | റബറിന് തട്ട് തിരിക്കൽ , 84.40m3,533/10m3, 4499 | 84.40m3@155/10m3=1308.20 | 3191 | 49860 | 13/11/2013 |
| 12 | നീർത്തടവികസനപദ്ധതി ,82000,1612002003/wc/50974,36 /13-14 | റബറിന് തട്ട് തിരിക്കൽ , 266.64m3,533/10m3, 14212 | 266.64m3@155/10m3=4129.20 | 10083 | 66780 | 12/11/2013 |
| 13 | നീർത്തടവികസനപദ്ധതി ,98000,1612002003/wc/52084,37 /13-14 | റബറിന് തട്ട് തിരിക്കൽ , 335.82m3,533/10m3, 17899 | 335.82m3@155/10m3=5205.21 | 12694 | 83520 | 20/11/2013 |
| 14 | നീർത്തടവികസനപദ്ധതി ,72000,1612002003/wc/54535,47 /13-14 | റബറിന് തട്ട് തിരിക്കൽ , 405.01m3,533/10m3, 21587 | 405.01m3@155/10m3=6277.65 | 15309 | 65880 | 30/12/2013, Che no:913124 |
| 15 | നീർത്തടവികസനപദ്ധതി 84000,1612002003/wc/50695,29 /13-14 | റബറിന് തട്ട് തിരിക്കൽ , 168.75m3,533/10m3, | 168.75m3@155/10m3=2615.62 | 6378 | 80460 | 20/11/2013 |
| 16 | നീർത്തടവികസനപദ്ധതി 70000,1612002003/wc/54261,38 /13-14 | റബറിന് തട്ട് തിരിക്കൽ ,428.63m3,533/10m3, 22846 | 428.63m3@155/10m3=6643.76 | 16202 | 64620 | 30/12/2013, Che no:913119 |
| 17 | നീർത്തടവികസനപദ്ധതി 65000,1612002003/wc/51894,38 /13-14 | റബറിന് തട്ട് തിരിക്കൽ ,209.26m3,533/10m3, 11184 | 209.26m3@155/10m3=3243.53 | 7940 | 55980 | 20/11/2013 |
| 18 | നീർത്തടവികസനപദ്ധതി 110000,1612002003/wc/52456,48 /13-14 | റബറിന് തട്ട് തിരിക്കൽ ,410.07m3,533/10m3, 21857 | 410.07m3@155/10m3=6356.08 | 15501 | 73800 | 20/11/2013 |
| 19 | നീർത്തടവികസനപദ്ധതി 95000,1612002003/wc/54534,48 /13-14 | റബറിന് തട്ട് തിരിക്കൽ ,556.89m3,533/10m3, 29672 | 556.89m3@155/10m3=8631.79 | 21040 | 82440 | 30/12/2013, Che no:913125 |
| 20 | നീർത്തടവികസനപദ്ധതി 50000,1612002003/wc/50971,35 /13-14 | റബറിന് തട്ട് തിരിക്കൽ ,50.63m3,533/10m3, 2699 | 50.63m3@155/10m3=784.76 | 1914 | 43560 | 08/11/2013 |
| 21 | നീർത്തടവികസനപദ്ധതി 92000,1612002003/wc/55033,50 /13-14 | റബറിന് തട്ട് തിരിക്കൽ ,489.39m3,533/10m3, 26084 | 489.39m3@155/10m3=7585.54 | 18498 | 78840 | 30/01/2014 |
| 22 | നീർത്തടവികസനപദ്ധതി 38000,1612002003/wc/50955,34 /13-14 | റബറിന് തട്ട് തിരിക്കൽ ,32.07m3,533/10m3, 1709 | 32.07m3@155/10m3=497.08 | 1212 | 28980 | 08/11/2013 |
| 23 | നീർത്തടവികസനപദ്ധതി 45000,1612002003/wc/51626,41 | റബറിന് തട്ട് തിരിക്കൽ | 238.50m3@155/10m3=3696.75 | 9015 | 41220 | 13/11/2013 |

| | | | | | | |
|---|---|---|---|---|---|---|
| | /13-14 | ,238.50m3,533/10m3, 12712 | | | | |
| 24 | നീർത്തടവികസനപദ്ധതി 23000,1612002003/wc/51616,14 /13-14 | റബറിന് തട്ട് തിരിക്കൽ ,101.25m3,533/10m3, 5397 | 101.25m3@155/10m3=1569.37 | 3828 | 18720 | 11/11/2013 |
| 25 | നീർത്തടവികസനപദ്ധതി 66000,1612002003/wc/49237,19 /13-14 | റബറിന് തട്ട് തിരിക്കൽ ,202.50m3,533/10m3, 10793 | 202.50m3@155/10m3=3138.75 | 7654 | 55080 | 21/10/2013 |
| 26 | നീർത്തടവികസനപദ്ധതി 30000,1612002003/wc/52145,45 /13-14 | റബറിന് തട്ട് തിരിക്കൽ ,162.01m3,533/10m3, 8635 | 162.01m3@155/10m3=2511.15 | 6124 | 26100 | 20/11/2013 |
| **ആകെ** | | | | **3,37,753** | | |

ഇത്തരം പ്രവൃത്തികൾക്ക് നിരക്ക് നിശ്ചയിക്കുമ്പോൾ 10 ച.മീ. എന്ന നിലയിൽ ഡേറ്റ തയ്യാറാക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള അധിക ചെലവ് ഒഴിവാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്.

### 3-7 പങ്കാളിത്ത പെൻഷൻ -പെൻഷൻ വിഹിതം ഒടുക്കുന്നില്ല.

ധനകാര്യ വകുപ്പിന്റെ 7-1-2013 ലെ ജി.ഒ.പി. 20/2013 , 29-4-2014 ലെ ജി.ഒ.പി.152/2014 ഉത്തരവുകൾ പ്രകാരം 1-4-2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ നിർബന്ധമാക്കുകയുണ്ടായി. ആയത് പ്രകാരം പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടിയുള്ള തുകയുടെ 10 ശതമാനം തുക ശമ്പളത്തിൽ നിന്നും പിടിക്കേണ്ടതും തുല്യമായ ഗ്രാമ പഞ്ചായത്ത് വിഹിതവും ചേർത്ത് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

1-4-2013 നു ശേഷം ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 10 ശതമാനം തുക ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പെൻഷൻ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. കുടാതെ ഈ കാലയളവിലെ പഞ്ചായത്ത് വിഹിതവും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരു വിവരം | സർവ്വീസിൽ പ്രവേശിച്ച തീയതി | പെൻഷൻ വിഹിതം പിടിച്ചത് | ഗ്രാമ പഞ്ചായത്ത് വിഹിതം | മാസം |
|---|---|---|---|---|
| അനുജ ആർ. ക്ലാർക്ക് | 23-08-2013 | 1521 | 1521 | 08/2013 |
| | | 1521 | 1521 | 09/2013 |
| | | 1521 | 1521 | 10/2013 |
| | | 1521 | 1521 | 11/2013 |
| | | 1521 | 1521 | 12/2013 |
| **ആകെ** | | **7605** | **7605** | |
| അഞ്ജു കെ.നായർ, ക്ലാർക്ക് | 29-08-2013 | 1521 | 1521 | 08/2013 |
| | | 1521 | 1521 | 09/2013 |
| **ആകെ** | | **3042** | **3042** | |
| സുബാഷ് പ്രസാദ് എസ്. ക്ലാർക്ക് | 26-12-2013 | 1521 | 1521 | 12/2013 |
| | | 1620 | 1620 | 01/2014 |
| | | 1620 | 1620 | 02/2014 |
| | | 1620 | 1620 | 03/2014 |
| **ആകെ** | | **6381** | **6381** | |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പെൻഷൻ തുക ഒടുക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**.ഭാഗം 4**

**പൊതു വിവരങ്ങളും ഒ ാഡിറ്റ് പ്രത്യവലോകനവും**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം | 2013-14 | 1,00,000 | ഞാറക്കാട് പ്ലാവറപ്പടി റോഡ് കോൺക്രീറ്റിംഗ് | 1,00,000 | -- |
| ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം | 2013-14 | 1,50,000 | പാലീയേറ്റീവ് പരിചരണം | 149257 | 743 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തിയതിന്റെയും അവശേഷിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വട്ടരിമലേക്കീഴ് കടിവെള്ള പദ്ധതി | 692915/ 1-11-13<br>281628/ 20-12-13 | 11,28,580 | പ്രവൃത്തി നടന്നു വരുന്നു | -- |
| ,, | ചുഴന ലക്ഷംവീട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 693427/ 29-11-13 | 1,25,000 | പ്രവൃത്തി നടന്നു വരുന്നു | -- |
| ,, | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കൽ | 280371/ 16-1-14 | 8,90,000 | പ്രവൃത്തി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | -- |
| ,, | ആശുപത്രി ആൽത്തറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 162025/ 12-3-14 | 65,000 | ,, | -- |
| കെ.എസ്. ഇ.ബി | തടിയൂർ വാളക്കുഴി റോഡിൽ നല്ലേത്ത് പടിമുതൽ ലൈൻ എക്സ്റ്റൻഷൻ | 281391/ 20-2-14 | 19,800 | ,, | -- |
| ,, | ഒട്ടമാക്കൽ മാലക്കര ലൈൻ എക്സ്റ്റൻഷൻ | 692916/ 1-11-13 | 20,776 | ,, | -- |
| ,, | ആറാട്ടുചിറ പാട്ടമ്പലംകാവ് ലൈൻ എക്സ്റ്റൻഷൻ | 692917/ 1-11-13 | 5,294 | ,, | -- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അരീക്കൽകടി വെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിച്ച് കടിവെള്ളം എത്തിക്കൽ | 162850/ 26-3-14 | 50,000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ചിട്ടില്ല. | -- |
| കേരള വാട്ടർ അതോറിറ്റി | എഴുമറ്റൂർ ആശുപത്രി ശീതക്കുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 582646/ 16-8-13 | 6,50,000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ചിട്ടില്ല. | -- |

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷങ്ങളിൽ എടുത്ത വായ്പയുടെ തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.നം. 798/2010/ 9-3-2010 | 50 ലക്ഷം | 19,40,250 | 10,51,950 | -- | 8,88,300 |

4-4 സ്ഥിരനിക്ഷേപങ്ങൾ

--------ഇല്ല-------

4-5 ഓഡിറ്റ് റിക്കവറി

--------ഇല്ല-------

4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--------ഇല്ല-------

4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | **4,62,58,853** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | **3,97,30,828** |
| വരവിനങ്ങളിലുള്ള നഷ്ടം | : | **3,750** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **1,24,533** |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3750 | | ശ്രീമതി എൻ.എ.ടെസീല, സെക്രട്ടറി |
| **ആകെ** | 3750 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 1,19,283 |
| 3-4 | 5,250 |
| **ആക** | **1,24,533** |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

---------ഇല്ല----------

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-----------ഇല്ല--------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എൻ.എ.ടെസീല | സെക്രട്ടറി, പുറമറ്റം ഗ്രാമ പഞ്ചായത്ത് | അനന്താലയം, സൗത്ത് ആര്യാട്, അനലുക്കുന്നം, ആലപ്പുഴ |

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | |
|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി2/522/98 13-1-2010 | |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ./പി5/671/11 12-12-11/13-07-12 | |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി2/769/00 07-11-01 | |
| 2000-01(ജ.ആ.) | എൽ.എഫ്.പി.റ്റി.എ./പി3/177/04 02-11-04 | |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/683/05 03-01-06 | |
| 2001-02(ജ.ആ.) | എൽ.എഫ്.പി.റ്റി.എ./പി3/178/04 02-11-04 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/683/05 03-01-06 | |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ./പി5/674/11 12-12-11/21-07-12 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ./പി5/675/11 12-12-11/21-07-12 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ./പി3/389/05 05-05-06 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ./പി5/676/11 09-12-11/27-07-12 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ./പി5/677/11 12-12-11/28-07-12 | |
| 2006-07 to 2010-11 | എൽ.എഫ്.പി.റ്റി.എ./പി8/975/12 23-3-13/03-06-14 | |
| 2011-12 to 2012-13 | എൽ.എഫ്.പി.റ്റി.എ./പി8/538/14 26-08-14/17-03-15 | |

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്